നം.7561/ഇ2/2014/കെഎസ്എച്ച്ഒ 20/06/2023

# കുടുംബശ്രീ ആന്തരിക തസ്തികമാറ്റം (കരാർ) വഴിയുള്ള നിയമനം

## വിജ്ഞാപനം - (Code :AT (FM))

കുടുംബശ്രീ മിഷൻ മുഖാന്തിരം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന എൻ.ആർ.എൽ.എം-അട്ടപ്പാടി ട്രൈബൽ സ്പെഷ്യൽ പ്രോജക്ടിൽ നിലവിൽ ഒഴിവുള്ള ഫിനാൻസ് മാനേജർ തസ്തികയിലേയ്ക്ക് കുടുംബശ്രീ മിഷന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചു വരുന്ന, നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള കരാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം കരാർ വ്യവസ്ഥയിലായിരിക്കും.

1. **തസ്തിക** : ഫിനാൻസ് മാനേജർ

2. **ഒഴിവ്** : 1 (അട്ടപ്പാടി ട്രൈബൽ സ്പെഷ്യൽ പ്രോജക്ട്, പാലക്കാട്)

3. **നിയമന രീതി** : കരാർ നിയമനം
(കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതുവരെ ആയിരിക്കും കരാർ കാലാവധി)

4. **വിദ്യാഭ്യാസ യോഗ്യത** :
   1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.കോം ബിരുദം അല്ലെങ്കിൽ തതുല്യ യോഗ്യത
   2. കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗിലും ടാലിയിലുമുള്ള വൈദഗ്ധ്യം നിർബന്ധം.

5. **പ്രായപരിധി** : 31/5/2023 ന് 45 വയസ്സിൽ കൂടാൻ പാടില്ല

6. **പ്രവൃത്തിപരിചയം**
   1. കുടുംബശ്രീ മിഷനിലെ അക്കൗണ്ടിംഗ് മേഖലയിൽ ഉള്ള 5 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം.
   2. അട്ടപ്പാടി ട്രൈബൽ കമ്മ്യൂണിറ്റിയിൽ നിന്നുള്ളവർക്ക് മുൻഗണന.

7. **വേതനം** : 40,000 രൂപ പ്രതിമാസം.

8. **ജോലിയുടെ സ്വഭാവം**
   1. കുടുംബശ്രീ മുഖാന്തിരം അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കി വരുന്ന പട്ടികവർഗ്ഗ പ്രത്യേക പദ്ധതിയുടെ സാമ്പത്തികതല ആസൂത്രണവും ഏകോപനവും.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്.
3. അപേക്ഷാർത്ഥികൾ **500** രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

10. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച്, അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തുപരീക്ഷയും, ഇന്ററർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇന്റർവ്യൂവുമോ ഏതാണോ അനുയോജ്യമായത് ആ രീതിയിൽ നിയമന പ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇതിൽ ഫീൽഡ്തല പ്രവൃത്തിപരിചയം ഉള്ളവിവരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

11. **അപേക്ഷകൾ https://kcmd.in/ എന്ന വെബ്സൈറ്റിലൂടെ Online –ആയി സമർപ്പിക്കേണ്ടതാണ്.**

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : 05/07/2023, വൈകുന്നേരം 5 മണി

13. **മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online-അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന

അപേക്ഷകളും, നിശ്ചിത യോഗ്യതകൾ ഇല്ലാത്ത അപേക്ഷകളും പരിഗണിക്കുന്നതല്ല.

2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. പ്രസ്തുത തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ട പ്രവൃത്തിപരിചയം നിയമനം ലഭിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. ടി തസ്തികയിൽ നിയമനം ലഭിച്ചാൽ മുൻ പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ